പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം: 276 22/06/2012-ൽ മറുപടിക്ക്

## നഗര വികസനത്തിനുള്ള മാസ്റ്റർ പ്ലാൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ഉബൈദുള്ള:<br>ശ്രീ. റ്റി.എ.അഹമ്മദ് കബീർ:<br>ശ്രീ. പി.ബി.അബ്ദുൾ റസാക്:<br>ശ്രീ. പി.കെ.ബഷീർ: | ശ്രീ.മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) കോർപ്പറേഷനുകളുടെയും മുനിസിപ്പാലിറ്റികളുടെയും സമഗ്ര വികസനം ലക്ഷ്യമാക്കി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ;<br><br>(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) & (ബി) ഉണ്ട്. സർക്കാർ അംഗീകൃത വികസന രൂപരേഖ (മാസ്റ്റർ പ്ലാൻ/ഡെവലപ്മെന്റ് പ്ലാൻ)കളുടെ വ്യതിയാനങ്ങൾ ഉൾപ്പെടെ സംസ്ഥാനത്തെ നഗരങ്ങൾക്ക് ആസൂത്രണ പദ്ധതികൾ തയ്യാറാക്കുക എന്നതാണ് ഈ പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്. 2008-09 വർഷത്തെ ബഡ്ജറ്റ് സ്പീച്ചിൽ പ്രഖ്യാപിച്ച ഈ പദ്ധതിയ്ക്ക് 2009-10, 2010-11 വർഷങ്ങളിൽ 250.00 ലക്ഷം രൂപ വീതവും 2011-12-ൽ 150 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. 2012-13 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം 175 ലക്ഷം രൂപയാണ്.<br>പ്രവൃത്തിയുടെ പുരോഗതി വകുപ്പുതലത്തിലും സർക്കാർ തലത്തിലും തുടർച്ചയായി വിലയിരുത്തുന്നുണ്ട്. ഇതിലേയ്ക്കായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നാല് അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ 22/05/2012-ന് വകുപ്പു മന്ത്രി നേരിട്ട് കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ വിലയിരുത്തുകയുണ്ടായി. |
| (സി) മാസ്റ്റർ പ്ലാനിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും അവ തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങളും സംബന്ധിച്ച വിശദാംശം നൽകാമോ; | (സി) ആസൂത്രിതമായ നഗരപ്രദേശങ്ങളെ സൃഷ്ടിക്കുകയാണ് മാസ്റ്റർ പ്ലാനിന്റെ ഉദ്ദേശ്യം. ശാസ്ത്രീയമായ നഗരാസൂത്രണ തത്വങ്ങളാണ് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള മാനദണ്ഡം. |
| (ഡി) എത്ര മാസ്റ്റർ പ്ലാൻ ഇപ്പോൾ തയ്യാറാക്കുന്നുണ്ടെന്നും ഓരോന്നിന്റെയും പ്രവർത്തന പുരോഗതിയും വിശദമാക്കുമോ; | (ഡി) 32 മാസ്റ്റർ പ്ലാനുകളാണ് ആദ്യഘട്ടത്തിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്.ഇവയുടെ പ്രവർത്തന പുരോഗതി താഴെ പറയും പ്രകാരമാണ്.<br>●പറവൂർ (കൊല്ലം ജില്ല), ചങ്ങനാശ്ശേരി, വൈക്കം, തലശ്ശേരി എന്നീ പട്ടണങ്ങളുടെ വികസന രൂപരേഖകൾ സർക്കാർ അംഗീകരിച്ചു.<br>●പാലാ, പത്തനംതിട്ട, ഗുരുവായൂർ, മലപ്പുറം, കാസർകോട്, പട്ടണങ്ങളുടെ കരട് ഡെവലപ്മെന്റ് പ്ലാനുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

● കൊച്ചി, തൃശ്ശൂർ, കൊല്ലം, പെരുമ്പാവൂർ, അടൂർ, കണ്ണൂർ പട്ടണങ്ങളുടെ മാസ്റ്റർ പ്ലാനുകൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്ലാനുകൾ അതാത് മുനിസിപ്പാലിറ്റികളുടെ/JTPC-കളുടെ പരിഗണനയിലാണ്.

● കൽപ്പറ്റ, പാലക്കാട് എന്നീ പട്ടണങ്ങളുടെ കരട് പ്ലാനുകൾ പൂർത്തിയായിട്ടുണ്ട്. ഇവയുടെ വകുപ്പുതല പരിശോധനകൾ നടന്നു വരുന്നു.

മറ്റ് 15 മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. (ഈ വർഷം ആരംഭിക്കുന്ന പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 29 പട്ടണങ്ങൾക്ക് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു.)

(ഇ) മാസ്റ്റർ പ്ലാൻ എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്

(ഇ) കായംകുളം, പറവൂർ, മൂവാറ്റുപുഴ, തിരുവല്ല, വടകര, കോട്ടയം എന്നീ പട്ടണങ്ങളുടെ മാസ്റ്റർ പ്ലാനുകൾ പൂർത്തീകരിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന സമയപരിധി 2012 ജൂൺ 30 ആണ്. ഇടുക്കി പട്ടണത്തിന്റെ മാസ്റ്റർ പ്ലാൻ പൂർത്തീകരിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന സമയപരിധി 2012 ജൂലൈ 31-ഉം, ആലപ്പുഴ, അങ്കമാലി, ആലുവ, കോതമംഗലം, കോഴിക്കോട് എന്നീ പട്ടണങ്ങളുടെ മാസ്റ്റർ പ്ലാനുകൾ പൂർത്തീകരിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന സമയപരിധി 2012 ആഗസ്റ്റ് 31-ഉം ആണ്. തിരുവനന്തപുരം പട്ടണത്തിന്റെ കരട് പ്ലാൻ 2012 ജൂലൈ 31-നാണ് പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ഭൂവിനിയോഗ മാപ്പ് തയ്യാറാക്കുന്നതിലുണ്ടായ സാങ്കേതിക ബുദ്ധിമുട്ടുകൾ കൊണ്ട് ഈ കാലാവധി 2012 ഒക്ടോബർ വരെ നീണ്ടേക്കും. നെയ്യാറ്റിൻകര പട്ടണത്തിന്റെ കാര്യത്തിൽ ഭൂവിനിയോഗ സർവ്വേ, ഗതാഗത സർവേ, സോഷ്യോ-ഇക്കണോമിക് സർവേ ഇവ പൂർത്തിയാക്കിയിട്ടുണ്ട്, തുടർ പ്രവർത്തനങ്ങൾ തിരുവനന്തപുരം ഡെവലപ്മെന്റ് പ്ലാൻ തയ്യാറാക്കിയതിനു ശേഷം നടത്തുവാനാണ് തീരുമാനിച്ചിരിക്കുന്നത്.

സെക്ഷൻ ആഫീസർ

| | | | |
|---|---|---|---|
| | | | 4. ഹൈക്കോടതിയുടെ ഉത്തരവ് നടപ്പിലാക്കുന്നുണ്ടോയെന്ന് സാമൂഹ്യ ക്ഷേമ വകുപ്പ് സെക്രട്ടറി ശ്രദ്ധിക്കണം<br><br>5. ജനറൽ ബോഡി മീറ്റിംഗിലെ തിരുമാനം ഹൈക്കോടതിയെ 21.5.2012 നകം അറിയിക്കണം |
| (ഡി) | ഏറ്റവും ഒടുവിൽ നടന്ന ജനറൽ ബോഡി യോഗ തീരുമാനങ്ങൾ വിശദ മാക്കാമോ ; | (ഡി) | 28.01.2012 ലെ സർക്കാർ ഉത്തരവിനു ശേഷം ജനറൽ ബോഡി യോഗം നടക്കുകയുണ്ടായില്ല. ഹൈക്കോടതി നിർദ്ദേശ പ്രകാരം, 14.05.2012 ൽ ചേരാനിരുന്ന ജനറൽ ബോഡി യോഗം ബഹളം കാരണം പിരിച്ചു വിട്ടുവെന്ന് സാമൂഹ്യക്ഷേമ വകുപ്പു ഡയറക്ടറും ജില്ലാകളക്ടറും അറിയിച്ചിട്ടുണ്ട്. |
| ഇ | 14.05.2012 - ലെ ജനറൽ ബോഡി യോഗം സംബന്ധിച്ച് കേരള ഹൈക്കോടതിക്ക് സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ? | (ഇ) | സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം ജില്ലാ കളക്ടർ എന്നിവർ ബഹു. ഹൈക്കോടതിയ്ക്ക് സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് യഥാക്രമം അനുബന്ധം (എ)യും (ബി) യുമായി ചേർത്തിട്ടുണ്ട്. |

R. Vijayan

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.